**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4000** **28-06-2024 - ൽ മറുപടിയ്ക്ക്**

**പറവൂർ അഗ്നി രക്ഷാ നിലയത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പറവൂർ അഗ്നി രക്ഷാ നിലയത്തിന്റെ നിർമ്മാണത്തിനായി അഞ്ച് കോടി രൂപക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഫയർ ആൻഡ് സേഫ്റ്റി റെസ്ക്യൂ വിഭാഗത്തിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | 5.0768 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് അഗ്നി രക്ഷാ സേവന വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം "4059-60-051-85-00" എന്ന ശീർഷകത്തിൽ 21 കോടി രൂപ അനുവദിച്ചിട്ടുള്ളതിൽ പറവൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഫയർ&റസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | പറവൂർ അഗ്നി രക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കി കെട്ടിട നിർമ്മാണം വേഗത്തിൽ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | 5.0768 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് അഗ്നി രക്ഷാ സേവന വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം "4059-60-051-85-00" എന്ന ശീർഷകത്തിൽ 21 കോടി രൂപ അനുവദിച്ചിട്ടുള്ളതിൽ പറവൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഫയർ&റസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ